കണ്ടിജൻസി സർവ്വീസിലെ സി.എൽ.ആർ. തൊഴിലാളികളുടെ ദിവസവേതനം

116 (1586) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ ജോലി ചെയ്യുന്ന കണ്ടിജൻസി സർവ്വീസിലെ സി.എൽ.ആർ. തൊഴിലാളികളുടെ ദിവസ വേതനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ദിവസവേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുമോ ;

(ഡി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം മുൻസിപ്പാലിറ്റികളിലാണ് സാനിറ്റേഷൻ വർക്കർ തസ്തിക പുതുതായി അനുവദിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത് ;

(ഇ) ഈ തസ്തിക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 186 രൂപ.

(ബി) ഉണ്ട്.

(സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പയ്യന്നൂർ, തളിപ്പറമ്പ്, മട്ടന്നൂർ, കൂത്തുപറമ്പ് എന്നീ നഗരസഭകളിൽ.

(ഇ) സർക്കാർ പരിശോധിച്ചുവരുന്നു.

ബോർഡുകളിൽ സ്ഥലനാമം എഴുതാത്ത സ്ഥാപനങ്ങൾ

117 (1587) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോർഡുകളിൽ സ്ഥലനാമം എഴുതാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകില്ല എന്ന് സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുടെ ലൈസൻസുകളാണ് പുതുക്കി നൽകാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോഴും പല സ്ഥലങ്ങളിലും ബോർഡുകളിൽ സ്ഥലനാമം എഴുതാത്ത അനേകം സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന് ബോർഡ് എഴുതിവെയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly